I/50984/2023

**സംസ്ഥാനതല അദാലത്തു സമിതി 3/8/23 രാവിലെ 11 മണിക്ക് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽഡയറക്ടർടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്സ്.**

തദ്ദേശ സ്വയംഭരണ അദാലത്തു സമിതി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി പ്രസ്തുത സമിതിയിൽ ചുവടെ പറയുന്ന അംഗങ്ങൾ പങ്കെടുത്തു

1 ശ്രീ. എം. ജി. രാജമാണിക്കം IAS. പ്രിൻസിപ്പൽ ഡയറക്ടർ .
2. ശ്രീ. എച്ച് . ദിനേശൻ IAS. ഡയറക്ടർ (റൂറൽ )
3. ശ്രീ. പ്രമോദ് കുമാർ സി. പി . ചീഫ് ടൌൺ പ്ലാനർ
4. ശ്രീ. അനിൽ . ജി. ചീഫ് വിജിലൻസ് ഓഫീസർ
5. ശ്രീ. കെ. ഹരികുമാർ ജോയിന്റ് ഡയറക്ടർ (അർബൻ)
6. ശ്രീ. മുരളി. അർ എക്സിക്യൂട്ടീവ് എഞ്ചിനീയർ
7. പഞ്ചായത്ത് സെക്രട്ടറിമാർ
8. പരാതിക്കാർ

**<u>പരാതി നം. 1 ശ്രീ സലിം</u>**

**നികുതി വർദ്ധനവ് -ആനുവൽ റെന്റൽ വാല്യൂപ്രകാരമുള്ള നികുതിയും നിലവിലെ പ്ലിന്ത് ഏരിയ കണക്കുകൂട്ടിയുള്ള നികുതിയും തമ്മിലുള്ള വ്യത്യാസം**

കുടയത്തൂർ ഗ്രാമപഞ്ചായത്ത് നികുതി വർധനവ് ആനുവൽ റെന്റൽ വാല്യൂ പ്രകാരമുള്ള നികുതിയും നിലവിലെ പ്ലിന്ത് ഏരിയ കണക്കുകൂട്ടിയുള്ള നികുതിയും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ശ്രീ സലിം പരാതി ഉന്നയിച്ചിട്ടുള്ളത് .

പ്രസ്തുത പരാതി സമിതി പരിശോധിച്ചതിൽ ARV പ്രകാരം മുന്പ് ചുമത്തിയ വസ്തു നികുതി, തറ വിസ്തീർണ്ണത്തിന് അനുസൃതമായി പരിശോധിക്കുമ്പോൾ കൂടുതൽ വരുന്നതായി ചില കേസുകളിൽ പരാതികൾ ഉണ്ടാകുന്നതായും. വസ്തു നികുതി പതുക്കലുമായി ബന്ധപ്പെട്ട്, നിലവിലുള്ള നികുതിയിയില് കുറവ് വരുത്തുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ലാത്തതാണ്.

**തീരുമാനം :** ടി വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് സമിതിക്കു നിയമ പരിമിതികൾ ഉള്ളതിനാൽ സമിതി വിഷയം സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

**നടപടി** : പ്രിന്സിപ്പൽ ഡയറക്ടറേറ്റ് REVസെക്ഷനില് നിന്നും ഇത് സംബന്ധിച്ച പ്രൊപോസല് സർക്കാരിൽ സമർപ്പിക്കേണ്ടതാണ് .

**<u>പരാതി നം. 2 മൈമൂനത് കെ പി.</u>**

**ശ്രീമതി.<u>മൈമൂനത്</u>.കെ.പി. കടന്നൂർ ഗ്രാമപഞ്ചായത്ത് എന്നിവരുടെ കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട പരാതി. NHAI – ബന്ധപ്പെട്ട് അക്സെസ്സ് പെർമിറ്റ് ലഭിക്കുന്നത്**

**സംബന്ധിച്ച് .**

കടമ്പൂർ ഗ്രാമ പഞ്ചായത്തിൽ 9-ആം വാർഡിൽ 255A, 255B, 255C നമ്പര് കെട്ടിടത്തിന് മുകളിൽ ഒന്നാം നില നിർമ്മാണത്തിനായയുള്ള പെർമിറ്റിനായി ശ്രീ മൈമൂനത്ത് സമർപ്പിച്ച അപെക്ഷ സംബന്ധിച്ചുള്ളതായിരുന്നു പരാതി.

പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ടി വിഷയം സമിതി പരിശോധിച്ചതിൽ ശ്രീമതി മൈമൂനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 05/03/2021 തിയ്യതി പെർമ്മിറ്റ് അനുവദിക്കുകയും ചെയ്തിട്ടുള്ളതും പെർമ്മിറ്റ് ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ . കെട്ടിട നിർമ്മാണം പൂർത്തികരിക്കുകയും, തുടര്ന്ന് കെട്ടിടത്തിന് കെട്ടിട നംമ്പർ ലഭിക്കുന്നതിനായ് ഗ്രാമ പഞ്ചായത്തിൽ 15-09-2021 തിയ്യതിയിൽ അപേക്ഷ സമർപ്പിച്ചപ്പോൾ കെട്ടിടം ദേശിയപാതയോട് ചേർന്ന് നില്കുന്നതിനാൽ ദേശിയ പാത അതോറിറ്റിയുടെ ആക്സസ് പെർമിറ്റ് ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കിയ ശേഷം മാത്രമേ കെട്ടിട നംമ്പർ അനുവദിക്കുവാൻ സാധിക്കുയുള്ളൂ എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷകനെ അറിയക്കുകയുണ്ടായി തുടർന്ന് ദേശിയ പാത അതോറിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചു വെങ്കിലും 7 ലക്ഷം രൂപ ദേശിയ പാത അതോറിറ്റിയിൽ ഒടുക്കുന്ന മുറയക്ക് മാത്രമേ അക്സസ് പെർമിറ്റ് ലഭിക്കുകയുള്ളു എന്നു ദേശീയപാത അതോറിട്ടി അപേക്ഷകയെ അറിയിക്കുകയും ഇത്രയും തുക ഒടുക്കുവാനുള്ള സാമ്പത്തിക ഭദ്രത ഇല്ലാ എന്നും പെർമിറ്റ് ലഭിച്ചതിനാൽ നമ്പർ അനുവദിക്കുന്നതിന് നടപടി സ്വികരിക്കണം എന്നും അപേക്ഷക സമിതി മുൻപാകെ ബോധിപ്പിക്കുകയുണ്ടായി.

**തീരുമാനം** : ഇത്തരത്തിൽ നിരവധി പരാതികൾ ചീഫ് ടൌൺ പ്ലാനിംഗ് ഓഫീസിൽ ലഭ്യമായിട്ടുള്ളതിനാൽ അക്സസ്സ് പെർമിറ്റ് വിഷയം നിലവിൽ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതിനാൽ സർക്കാർ തീരുമാനത്തിന് വെയിറ്റ് ചെയ്യുന്നതിന തീരുമാനിച്ചു.

നടപടി : **CTP ടി വിഷയം സർക്കാറിന്റെ ശ്രദ്ധയിൽ ഒരിക്കൽ കൂടി കൊണ്ടു വരുകയും എത്രയും പെട്ടന്ന് തീരുമാനമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.**,അടുത്ത സമിതിയിലേക്ക് വീണ്ടും വിഷയം പരിഗണിയ്ക്കുന്നതിനും തീരുമാനിച്ചു.

**<u>പരാതി നം. 3 ശ്രീ. സുബൈർ കെ. എം</u>**

**കേരളപഞ്ചായത്ത് ബിൽഡിംഗ് റൂളിൽ അനുശാസിക്കുന്ന സെറ്റ് ബാക്ക് ഇല്ലാത്തതു കൊണ്ട് ടോളറൻസ് നൽകുന്നതുമായി ബന്ധപെട്ടുള്ള പരാതി**

ശ്രീ സുബൈർ കെ.എം കൊച്ചുപുരക്കൽ എന്നയാൾ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ കെട്ടിട നിർമ്മാണത്തിനാവശ്യമായ സെറ്റ് ബാക് ഇല്ലാതത്തു സംബന്ധിച്ചായിരുന്നു പരാതി.

ടിയാന്റെ പരാതി സമിതി വിശദമായി പരിശോധിച്ചതിൽ സ്വകാര്യ വഴി വരുന്ന ഭാഗത്ത് 140 cm ,നടപ്പ് വഴി വരുന്ന ഭാഗത്ത് 130cm എന്നിങ്ങനെയാണ് സെറ്റ്ബാക്ക് ലഭ്യമായിട്ടുള്ളത് ആയത് ഉടുമ്പന്നൂര് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപെടുത്തിയിട്ടുള്ളതുമാണ് ടി സാഹചര്യത്തിൽ സെറ്റ്ബാക്കിൽ ഇരുപത് ശതമാനം ടോളറെൻസ് നൽകുകയാണെങ്കിൽ ടിയാന്റെ കെട്ടിടത്തിന് നമ്പർ നല്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുകയുണ്ടായി.

**തീരുമാനം : 5 സെന്റ് സ്ഥലത്ത് കേവലം 101 sq mt മാത്രമുള്ള ചെറിയ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടമാണ് എന്നും പഞ്ചായത്ത് റോഡിൽ നിന്നും മാറി dead end സ്വകാര്യ റോഡിലാണ് കെട്ടിടം നിൽക്കുന്നതെന്നും 52 mtനീളവും 3 മീറ്റർ വീതിയും മാത്രമാണ് റേഡിന്റെ നീളം എന്നും റോഡിൽ നിന്നും 140 സെ. മീ. അകലം കെട്ടിടത്തിനുണ്ട് . തദ്ദേശസ്വയം ഭരണ വകുപ്പ് 11.04.2022 തിയതി പിഎസ്/2/37/2022/തസ്വഭവ പ്രകാരം ഫയൽ തീർപ്പാക്കൽ അദാലത്തുകൾക്ക് 20 ശതമാനം ടോളറൻസ് നൽകാവുന്നതാണ് എന്ന പരാമർശിക്കുന്നു പരിഗണിച് ഇളവ് നൽകാവുന്നതാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നംബർ നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.**

**നടപടി :** ഉടുമ്പന്നൂര് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി കെട്ടിടത്തിനു നമ്പര് നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

<u>പരാതി നം. 4 **ശ്രീ. വേണുഗോപാൽ**</u>

**ശ്രീ വേണുഗോപാൽ ബി യുടെ വസ്തുവിന്റെ ചുറ്റമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷ പഞ്ചായത്ത് നിരസിച്ചത് സംബന്ധിച്ച്**

ശ്രീ വേണുഗോപാൽ ബി ടിയാന്റെ വസ്തുവിന്റെ ചുറ്റമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അപേക്ഷ നിരസിച്ചത് സംബന്ധിച്ചായിരുന്നു പരാതി. ഇതേ റോഡിൽ നിലവിലുള്ള വീഥിയിൽ മറ്റു കേട്ടിട ഉടമകൾ അതിർത്തി നിർമ്മാണം നടത്ത്തിയിട്ടുള്ളതായി പരാതിക്കാരൻ ഉന്നയിക്കുകയുണ്ടായി.

**തീരുമാനം :** ടി വിഷയം പ്രിൻസിപ്പൽ ഡയറക്ടറേട്ടിന്റെ ചുമതല വഹിക്കുന്ന IVO യെ കൊണ്ട് അന്വേഷിപ്പിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനു തീരുമാനിച്ചു.

**നടപടി :** പ്രിന്സിപ്പല് ഡയറക്ടറേട്ടിന്റെ ചുമതല വഹിക്കുന്ന IVO ടി വിഷയം വിശദമായി അന്വേഷിച്ച് റിപ്പോര്ട്ട് 15 ദിവസത്തിനകം ലഭ്യമാക്കേണ്ടതാണ്.

<u>പരാതി നം. 5 **ശ്രീമതി. ഗീത. എസ് . അദ്വാനി**</u>

**തൊടുപുഴ നഗരസഭയിൽ ,SMITA MEMORIAL HOSPITAL AND RESEARCH CENTRE- KMBR 1999 നിഷ്കർഷിക്കുന്ന പാർക്കിങ് സൗകര്യം ഇല്ലാത്തതിനാൽ പെർമിറ്റ് അപേക്ഷ നിരസിച്ചതുമായി ബന്ധപ്പെട്ട പരാതി**

തൊടുപുഴ നഗരസഭ പരിധിയിൽ സ്മിത മെമ്മോറിയൽ ഹോസ്പിറ്റൽ ആൻഡ് റിസർച് സെന്റർ KMBR-1999 ൽ നിഷ്കർഷിച്ച പ്രകാരം പാർക്കിംഗ് സൗകര്യം ഇല്ലാത്തതിനാൽ നഗരസഭ അപേക്ഷ നിരസിച്ചതുമായി ബന്ധപ്പെട്ട പരാതി ആയിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് അപേക്ഷക സംസ്ഥാന ഹൈകോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതായും വിഷയം ബഹു കോടതിയുടെ പരിഗണനയിലുമാണെന്ന് അപേക്ഷകന് തന്നെ അറിയിക്കുകയുണ്ടായി.

**തീരുമാനം :** ടി വിഷയം പരിഗണിച്ചതിൽ അപേക്ഷകൻ തന്നെ ബഹുമാനപ്പെട്ട കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാലും വിഷയം ബഹുമാനപ്പെട്ട കോടതിയുടെ

പരിഗണനയിലായതിനാലും ബഹുമാനപ്പെട്ട കോടതിയുടെ അന്തിമ തീരുമാനനത്തിനു വിധേയമായി തുടർ നടപടി സ്വീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.

**നടപടി :** ഇല്ല

**<u>പരാതി നം. 6</u> അബ്ദുൽ ഷുക്കൂർ**

**അനുമതി ഇല്ലാതെ നിർമ്മിച്ച കെട്ടിടം ക്രമവത്കരിക്കുന്നത് സംബന്ധിച്ച്**

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിമോളിഷ്ഡ് എന്ന് രേഖപ്പെടുത്തിയ കെട്ടിടത്തിൽ ചുമരുകൾ മാറ്റം വരുത്താതെ കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ചതും മേൽക്കൂര സീറ്റിന് പകരം കോൺക്രീറ്റ് മേൽക്കൂരയാക്കി എന്നതുമായി ബന്ധപ്പെട്ട്.

**തീരുമാനം :** ടി വിഷയം ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസറെ കൊണ്ട് അന്വേഷിപ്പിച്ച് ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത സമിതിയോഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനു തീരുമാനിച്ചു .

**നടപടി :** ചീഫ് ടൌണ് പ്ലാനർ ആവശ്യമായ തുടര് നടപടി സ്വീകരിക്കേണ്ടതാണ് .

യോഗം 11.40 ന് അവസാനിച്ചു.

**എം.ജി. രാജമാണിക്കം IAS**
**പ്രിൻസിപ്പൽ ഡയറക്ടർ**

Signed by
M.g. rajamanickam Ias
Date: 08-08-2023 17:24:28